# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.8202 17.07.2014 -ൽ മറുപടിയ്ക്ക്

## എംപ്ലോയബിലിറ്റി സെന്റർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് എംപ്ലോയബിലിറ്റി സെന്റർ എന്ന നൂതന പദ്ധതിയുടെ ലക്ഷ്യം. കേരള സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി 2012-13 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള യുവജനങ്ങളെ വിവിധ അഭിരുചി പരീക്ഷകൾക്കും സൈക്കോമെട്രിക് ടെസ്റ്റുകൾക്കും വിധേയമാക്കി അവരുടെ കഴിവുകൾ കണ്ടെത്തി, ഏത് മേഖലയിലാണ് അവർക്ക് അഭിരുചി എന്നതനുസരിച്ച് ആ മേഖലയിൽ പരിശീലനവും നൽകുന്നു. കേരളത്തിന്റെ അകത്തും പുറത്തുമുള്ളതായ പൊതു, സ്വകാര്യ മേഖലകളിലെ തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും പരിശീലനം ലഭിച്ച് ജോലിക്ക് പ്രാപ്തമായി ആത്മവിശ്വാസമേറിയ യുവജനങ്ങൾക്ക് തൊഴിൽ നേടിക്കൊടുക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പ്രാരംഭഘട്ടത്തിൽ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രധാന പ്രവർത്തനങ്ങളായ HRD പ്രവർത്തനം, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് എന്നിവ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖാന്തിരമാണ് നടപ്പിൽ വരുത്തുന്നത്. |
| (സി) | പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | 2012-13 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം 2012-13 -ൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുകയും 2013-14 വർഷം ടി സെന്ററുകൾ പൂർണ്ണമായും പ്രവർത്തനസജ്ജമാകുകയും ചെയ്തിട്ടുണ്ട്. 2013-14 വർഷം കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ HRD പ്രവർത്തനങ്ങൾ KASE മുഖേന ഉടൻ ആരംഭിക്കുന്നതാണ്.<br>2014-15 സാമ്പത്തിക വർഷം കോട്ടയം, ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ